(ഡി) നേരിട്ടുള്ള നിയമനം വഴി നികത്താൻ 7 ഒഴിവുകൾ ഉണ്ട്. പ്രൊമോഷൻ വഴി നിയമനം നടത്താൻ ഒരു ഒഴിവുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്താൻ നടപടി

102 [2591] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ലോവർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ് എന്നിവ എത്രവീതം എന്ന് വെളിപ്പെടുത്താമോ;

(സി) തസ്തിക നികത്താതിരിക്കാനുള്ള കാരണം അറിയിക്കാമോ;

(ഡി) പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സ്ഥിരം സെക്രട്ടറിമാർ ഇല്ലാത്തുകൊണ്ടുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സെക്രട്ടറിമാരെ എപ്പോൾ നിയമിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 33 തസ്തികകൾ.

(ബി) ലോവർ ഗ്രേഡ് .. 8

സ്പെഷ്യൽ ഗ്രേഡ് .. 25

(സി) ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് തടസ്സങ്ങളൊന്നുമില്ല. എന്നാൽ ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികകളിലേക്ക് ഇപ്പോൾ പ്രൊമോഷൻ നൽകാൻ കഴിയില്ല.

(ഡി) ഇല്ല.

(ഇ) ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തുന്നതാണ്. ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാർ

103 [2592] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly